भारतीय गैर न्यायिक

एक सौ रुपये

Rs. 100

ONE HUNDRED RUPEES

रु. 100

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

P 939401

15-04-2013 രണ്ടായിരത്തി പതിമൂന്നമാണ്ട് ഏപ്രിൽ മാസം പതിനഞ്ചാം തീയതി തൃശ്ശൂർ ജില്ല, ചെമ്പുകാവ്, പിൻ - 680 020 ൽ ചിരിയൻകണ്ടത്ത് വീട്ടിൽ സി.കെ.ജോസഫ് മക്കൾ അറുപത്തിആറ് (66) വയസ്സ് 1) സി. ജെ. റാഫേൽ, അൻപത്തിഒൻപത് (59) വയസ്സ്, 2) സി. ജെ. തിമോത്തി എന്നിവർ ഒന്നാം കക്ഷിയായും ട്രിച്ചി ഡിസ്ട്രിക്ട്, ലാൽഗുഡി താലൂക്ക്,

ഒന്നാം കക്ഷി : 1) സി. ജെ. റാഫേൽ

2) സി. ജെ. തിമോത്തി

(RAPHAEL C.J.)

Thimothy C.J.

രണ്ടാം കക്ഷി : ഗോവിന്ദരാജൻ T.

R. Padmanabhan

R. NARAYANAN R. Narayan

No 2677

15.04.2013

ഗോവിന്ദരാജൻ T

K.M.PHILOMINA
E.S.R.O. VENDOR

DISTRICT STAMP DEPOT
06 MAR 2013
ERNAKULAM

Thimothy C.J.

രണ്ടാം കക്ഷി : ഗോവിന്ദരാജൻ T.

R. Padmanabhan

നാതാ മങ്കോടി പി.ഒ., ൽ താമസം ജി. തങ്കരാജൻ മകൻ **ഗോവിന്ദരാജൻ** T. രണ്ടാം കക്ഷിയായും കൂടി ചേർന്ന് പരസ്പരം പരിപൂർണ്ണമായി സമ്മതിച്ച് എഴുതി ഒപ്പിട്ട് കൈമാറിയ വാടക കരാർ.

നമ്മളിൽ ഒന്നാം കക്ഷിയുടെ പരിപൂർണ്ണ ഉടമസ്ഥതയിലും, കൈവശത്തിലും ഇരിക്കുന്നതും, കൊച്ചിൻ കോർപ്പറേഷനിൽ നിന്നും 39/2187 സി. 2 എന്ന് നമ്പർ ഇട്ടതായ ( 500 സ്ക്വയർ ഫീറ്റ്) മുറി നമ്മളിൽ രണ്ടാം കക്ഷിക്ക് Sri Chakkara Tours Travels നടത്തുന്നതിനുള്ള ആവശ്യത്തിനായി 15-04-2013 മുതൽ 11 (പതിനൊന്ന്) മാസക്കാലത്തേക്ക് പ്രതിമാസം 6,000/- (ആറായിരം) രൂപ വീതം വാടക തരുവാൻ സമ്മതിച്ച് ടി കെട്ടിടത്തിന്റെ താക്കൊൽ സഹിതം ഒന്നാം കക്ഷിയിൽ നിന്നും രണ്ടാം കക്ഷി ഏറ്റെടുത്തിട്ടുള്ളതാകുന്നു. പ്രതിമാസ വാടക 6,000/- (ആറായിരം) രൂപയും യാതൊരു തർക്കമോ വീഴ്ചയോ കൂടാതെ അതാത് മാസം അഞ്ചാം തീയതികൾക്കുള്ളിൽ രണ്ടാം കക്ഷി ഒന്നാം കക്ഷിയെ ഏൽപ്പിച്ചു ലക്ഷ്യം വാങ്ങിക്കേണ്ടതാകുന്നു.

ഏതെങ്കിലും കാരണവശാൽ മുടക്കം വരുത്തിയാല നിയമാനുസൃതമായ പലിശയോടു കൂടി തീർത്തു തന്നു കൊള്ളാമെന്നും ഇതിനാൽ രണ്ടാം കക്ഷി സമ്മതിച്ചിരിക്കുന്നു. ഇതിന്റെ കൂടുതൽ ഉറപ്പിലേക്കായി പലിശ ഇല്ലാതെ 66,000/- (അറുപത്തിആറായിരം) രൂപ രണ്ടാം കക്ഷിയിൽ നിന്നും ഒന്നാം കക്ഷിക്ക് ഇന്നേ ദിവസം റൊക്കം കിട്ടി ബോദ്ധ്യം വന്നിട്ടുള്ളതുമാകുന്നു.

ഇതിന്റെ സുപ്രധാനമായ ഘടകം കാലാവധിയായ ടി 11 (പതിനൊന്ന്) മാസക്കാലമാകുന്നു. കാലാവധി തീരുന്ന മുറയ്ക്ക് ടി ഏണസ്റ്റുമണി ഒന്നാം കക്ഷി രണ്ടാം കക്ഷിക്ക് തിരികെ കൊടുക്കുന്ന സമയം യാതൊരു

ഒന്നാം കക്ഷി : 1) **സി. ജെ. റാഫേൽ**

2) **സി. ജെ. തിമോത്തി**

C RAPHAEL CJ

Thimothy CJ

രണ്ടാം കക്ഷി : **ഗോവിന്ദരാജൻ T.**

R. Padmanabhan R. Ra...

R. NARAYANAN R. Narayan

R. NARAYANAN R. Narayan

തർക്കവും പറയാതെ ടി രൂപ കൈപ്പറ്റി ടി മുറിയിൽ നിന്നും രണ്ടാം കക്ഷി ഒഴിഞ്ഞുമാറി താക്കോൽ ഒന്നാം കക്ഷിയെ തിരിച്ചേൽപ്പിക്കേണ്ടതാകുന്നു.

അതാത് മാസം രണ്ടാം കക്ഷിയുടെ ആവശ്യത്തിനായി ഉപയോഗിക്കുന്ന കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ രണ്ടാം കക്ഷി തന്നെ പ്രതിമാസ വാടകയക്കു പറമെ കൊടുത്തു തീർത്തു അവകളുടെ രസീതുകൾ കൃത്യമായും, സത്യമായും ഒന്നാം കക്ഷിയെ ബോദ്ധ്യപ്പെടുത്തേണ്ടതാകുന്നു.

ടി കാലാവധി വരെ രണ്ടാം കക്ഷിക്ക് Sri Chakkara Tours Travels നടത്തുന്നതിനുള്ള അവകാശമല്ലാതെ മറ്റു യാതൊരു തരത്തിലുള്ള അവകാശങ്ങളും ടി ഗ്രൗണ്ട് ഫ്ളോർ കെട്ടിടത്തിന്മേൽ ഉള്ള സി 2 മുറിയിൽ രണ്ടാം കക്ഷിക്ക് സിദ്ധിക്കുന്നതല്ല. ടി കെട്ടിടം നാശമോശപ്പെടുത്തുന്നതിനോ, അന്യകൈവശം കൊടുക്കുന്നതിനോ പ്രകൃതഭേദം വരുത്തുന്നതിനോ, കൂട്ടിച്ചേർപ്പുകൾ ഉണ്ടാക്കുന്നതിനോ രണ്ടാം കക്ഷിക്ക് അവകാശമില്ലാത്തതാകുന്നു. കാലാവധി കഴിഞ്ഞ് ഒഴിഞ്ഞു തരുന്ന സമയം ടി ഗ്രൗണ്ട് ഫ്ളോർ കെട്ടിടത്തിനുള്ളിലെ ഇലക്ട്രിക്, സാനിട്ടറി, പൈപ്പ് മുതലായവയുടെ ഫിറ്റിംഗ്സുകൾക്ക് വല്ല നാശമോശങ്ങളും വരുത്തിയിരുന്നാലോ ഇലക്ട്രിക് ചാർജ്ജോ, വാട്ടർ ചാർജ്ജോ കുടിശ്ശിഖ വരുത്തി വച്ചിരുന്നാലോ ആ വക നഷ്ടങ്ങളെല്ലാം ടി ഏണസ്റ്റു മണിയിൽ തട്ടിക്കിഴിച്ചെടുത്തുകൊള്ളുവാൻ രണ്ടാം കക്ഷി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

ടി കാലാവധിക്കു മുമ്പെ ഒന്നാം കക്ഷിക്ക് രണ്ടാം കക്ഷിയെ ഒഴിപ്പിക്കണമെന്നുണ്ടെങ്കിലോ രണ്ടാം കക്ഷിക്ക് താനേ ഒഴിഞ്ഞു പോകണമെന്നുണ്ടെങ്കിലോ ഒരു മാസത്തെ മുൻകൂർ നോട്ടീസ് മൂലം പരസ്പരം അറിയിക്കേണ്ടതും, അപ്രകാരം അറിയിപ്പു കിട്ടുന്ന പക്ഷം നോട്ടീസിൽ പറയും പ്രകാരം ഇരുപക്ഷവും പ്രവർത്തിക്കേണ്ടതുമാകുന്നു.

ഒന്നാം കക്ഷി : 1) സി. ജെ. റാഫേൽ
2) സി. ജെ. തിമോത്തി

(RAPHAEL CV) Thimothy. C.J

രണ്ടാം കക്ഷി : ഗോവിന്ദരാജൻ T.

R. Padmanabhan R. NARAYANAN

ടി കാലാവധിക്കു ശേഷം ടി മുറി ടി ആവശ്യത്തിനു തന്നെ വാടകയ്ക്ക് വേണമെന്ന് രണ്ടാം കക്ഷി ഒന്നാം കക്ഷിയോട് ആവശ്യപ്പെടുകയും, ആയത് ഒന്നാം കക്ഷി സമ്മതിക്കുകയും ചെയ്താൽ വാടകയിൽ 5% വർദ്ധനവ് ഏർപ്പെടുത്തി പുതിയ വാടക കരാർ എഴുതി ഒപ്പിടുന്നതിന് ഇരു കക്ഷികളും ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

ഇപ്രകാരമെല്ലാം പരിപൂർണ്ണമായി സമ്മതിച്ചിട്ടുള്ളതുകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു ഒന്നാം കക്ഷിക്ക് വല്ല വ്യവഹാരത്തിനും ഇടവരുത്തിയിരുന്നാൽ ആ വക എല്ലാ ചെലവുകൾക്കും, നഷ്ടങ്ങൾക്കും രണ്ടാം കക്ഷിയും രണ്ടാം കക്ഷിയുടെ ഇതര സ്വത്തുക്കളും ഒരു പോലെ ഉത്തരവാദപ്പെട്ടിരിക്കുന്നതാണെന്നും കൂടി ഇതിനാൽ സമ്മതിച്ചും, നിശ്ചയിച്ചും താഴെ എഴുതുന്ന സാക്ഷികൾ കാൺകെ ഇതിൽ ഒപ്പിട്ടു ഇതിന്റെ അസ്സൽ ഒന്നാം കക്ഷിയും ഫോട്ടോസ്റ്റാറ്റ് കോപ്പി രണ്ടാം കക്ഷിയും സൂക്ഷിക്കുന്നതാകുന്നു.

ഒന്നാം കക്ഷി : 1) സി. ജെ. റാഫേൽ

2) സി. ജെ. തിമോത്തി

രണ്ടാം കക്ഷി : ഗോവിന്ദരാജൻ T.

സാക്ഷികൾ

1)

2)

ഇത് കമ്പ്യൂട്ടർ പ്രിന്റ് ചെയ്തതാകുന്നു.

വെട്ടുതിരുത്തില്ല.

ഒന്നാം കക്ഷി : 1) സി.ജെ.റാഫേൽ

2) സി.ജെ.തിമോത്തി

Raphael CJ

Thimothy CJ

രണ്ടാം കക്ഷി : ഗോവിന്ദരാജൻ T.

R. Padmanabhan R. Ramu

K. NARAYANAN